## ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രധാന അറിയിപ്പുകൾ

തൃശൂർ
30-08-2017.

താഴെ പറയുന്ന കാര്യങ്ങൾ പ്രധാനാദ്ധ്യാപകരുടെ അടിയന്തര ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നു.

**1. വിജ്ഞാൻ സാഗർ ഉദ്ഘാടനം 31-08-2017**

രാമവർമ്മപുരത്ത് നിർമ്മാണം പൂർത്തിയായി വരുന്ന ആധുനിക രീതിയിലുള്ള പ്ലാനറ്റോറിയത്തിന്റെ ഉദ്ഘാടനം ആഗസ്റ്റ് 31 ന് രാവിലെ 10 മണിക്ക് നടക്കുകയാണ്. ഈ പരിപാടിയിൽ എല്ലാ പ്രധാനാദ്ധ്യാപകരും പങ്കെടുക്കേണ്ടതാണ്. വിദ്യാർത്ഥികളെ കൊണ്ടു വരേണ്ട വിദ്യാലയങ്ങൾ രാവിലെ 9.30 ന് കുട്ടികളെ എത്തിക്കേണ്ടതാണ്. രാവിലെ 10.30 മുതൽ 12.30 വരെയാണ് പരിപാടി.

**2. അധ്യാപകദിനാഘോഷം - 05-09-2017 രാവിലെ 9.30 ന്**

ദേശീയ അധ്യാപകദിനാഘോഷം സെപ്റ്റംബർ 5-ാം തിയതി രാവിലെ 9.30 ന് **തൃശൂർ മോഡൽ ഗേൾസ് സ്കൂളിൽ ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. വി.എസ്.സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നതാണ്.**

പരിപാടിയിൽ ഹൈസ്കൂളിൽ നിന്ന് 5 അദ്ധ്യാപകർ വീതവും
എൽ.പി, യു.പി വിഭാഗങ്ങളിൽ നിന്ന് 2 പേർ വീതവും പങ്കെടുക്കേണ്ടതാണ്.
പ്രധാനധ്യാപകർ പ്രത്യേകം പങ്കെടുക്കേണ്ടതാണ്.

**3. എച്ച്.എം.കോൺഫറൻസ് 08-09-2017 10 മണിക്ക്**

തൃശൂർ റവന്യൂ ജില്ലയിലെ പ്രധാനാധ്യാപകരുടെ കോൺഫറൻസ് **സെപ്തംബർ 8-ാം തിയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് തൃശൂർ ടൗൺഹാളിൽ ചേരുന്നതാണ്.** ജില്ലയിലെ എൽപി, യുപി, എച്ച്എസ് പ്രധാനധ്യാപകർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതിനാൽ പ്രധാനധ്യാപകർ തന്നെ പങ്കെടുക്കേണ്ടതാണ്.

**4. സ്കൂൾ തുറക്കുന്ന സെപ്തംബർ 11-ാം തിയതി തന്നെ പരീക്ഷ നടത്തിയതിന്റെ ഉത്തര കടലാസുകൾ കുട്ടികൾക്ക് നൽകേണ്ടതും തുടർന്ന് ക്ലാസ് പിറ്റിഎ നടത്തേണ്ടതുമാണ്.**

**എല്ലാവർക്കും ഓണം/ബക്രീദ് ആശംസകൾ.**

മേൽ പറഞ്ഞ കാര്യങ്ങൾ സമയബന്ധിതമായും, കൃത്യമായും നടപ്പിലാക്കുവാൻ പ്രധാനധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു.

N.B ഹൈസ്കൂൾ പ്രധാനാധ്യാപകർക്ക് ഉച്ചകഴിഞ്ഞും ക്ലാസ് ഉണ്ടായിരിക്കുന്നതാണ്.

30/8/2017

ജില്ലാ വിദ്യാഭ്യാസ ആഫീസർ,
തൃശ്ശൂർ